# Dakshina Kerala Jam-iyyathul Ulama

H.O. Kollam

ജുമുഅ പ്രഭാഷണം

## "മുത്വലാഖ് "(28/10/16)

അവതരണം: സി.എ. മൂസാ മൗലവി MA MFB,Ph: 9447465648

أَلَا لَهُ الْخَلْقُ وَالْأَمْرُ ۗ تَبَارَكَ اللَّهُ رَبُّ الْعَالَمِينَ (الأعراف ٥٤)

➢ മനുഷ്യരെ സൃഷ്ടിച്ച് അവർക്ക് വേണ്ടതെല്ലാം നൽകി സംരക്ഷിക്കുന്നവൻ അല്ലാഹുവാണ്. ആയുസ്സ്/ ആരോഗ്യം/ ആഹാരം/ സമ്പത്ത്/ സന്താനം/ അധികാരം/ മഴ/ വെള്ളം/ വെളിച്ചം/ വായു.... എല്ലാം അവനാണ് തരുന്നത്.

➢ ഇവ മുഴുവൻ കൈപ്പറ്റുന്ന മനുഷ്യൻ അനുസരിക്കേണ്ട നിയമവും അല്ലാഹുവിന്റെതാകണം എന്നവൻ ആഗ്രഹിക്കുന്നു.

أَلَا لَهُ الْخَلْقُ وَالْأَمْرُ ۗ تَبَارَكَ اللَّهُ رَبُّ الْعَالَمِينَ (الأعراف ٥٤)

(=സൃഷ്ടിച്ചവൻ അവൻ മാത്രം. ശാസനാധികാരവും അവനു തന്നെ)

قال الرازي: ظاهر الآية يقتضي أنه كما لا خلق إلا لله، فكذلك لا أمر إلا لله، وهذا يتأكد بقوله تعالى: إن الحكم إلا لله(الأنعام ٥٧) وقوله: فالحكم لله العلي الكبير (غافر:١٢)(تفسير الكبير)

➢ അല്ലാഹു അല്ലാത്തവരുടെ നിയമങ്ങൾ അനുസരിക്കുന്നത് അവ അല്ലാഹുവിനും റസൂലിനും എതിരാകാത്തപ്പോഴാണ്.

عَنْ عَبْدِ اللَّهِ بْنِ الصَّامِتِ قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: لَا طَاعَةَ لِمَخْلُوقٍ فِي مَعْصِيَةِ الْخَالِقِ (أحمد)*

➢ അല്ലാഹുവിനും റസൂലിനും എതിരായാൽ മാതാ-പിതാക്കളെ പോലും അനുസരിക്കാവതല്ല. ദീനിൽ ഏറ്റവും അനുസരിക്കേണ്ടവരാണ് അവർ. പക്ഷേ അല്ലാഹുവിനും റസൂലിനും എതിരായാൽ അനുസരിക്കരുത്.

وَإِن جَاهَدَاكَ عَلَىٰ أَن تُشْرِكَ بِي مَا لَيْسَ لَكَ بِهِ عِلْمٌ فَلَا تُطِعْهُمَا ۖ(لقمان ١٥)

ഉദാ: താടി വടിക്കുക/ മകൾ തല മറക്കണ്ട/ എന്നിങ്ങനെ കൽപിച്ചാൽ. ചുരുക്കത്തിൽ അല്ലാഹുവിന്റെ വിധിവിലക്കുകൾ അനുസരിക്കേണ്ട ബാധ്യതയുണ്ട്

➢ അവ ബുദ്ധിക്കും യുക്തിക്കും ഇണങ്ങിയാലും ഇല്ലങ്കിലും വഴിപ്പെട്ടേ പറ്റൂ. ആരൊക്കെ അതിന്റെ പേരിൽ എതിർത്താലും പരിഹസിച്ചാലും ശരി.
ഉദാ: ത്വലാഖ് വിഷയം.

➢ ഇസ്ലാം ത്വലാഖിനെ നിരുത്സാഹപ്പെടുത്തുകയാണ് ചെയ്യുന്നത്.( ഒന്നായാലും മൂന്നായാലും)

قَالَ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: تزوجوا و لا تطلقوا فإن الطلاق يهتز له العرش(طبراني)

قَالَ صَلَّى اللَّهُ عَلَيْهِ وَسَلَّمَ:أبغض الحلال إلى الله الطلاق ( أبو داود)

➢ പ്രശ്നങ്ങൾ ഉണ്ടായാൽ മധ്യസ്ഥ ശ്രമം നടത്തണം.

وَإِنْ خِفْتُمْ شِقَاقَ بَيْنِهِمَا فَابْعَثُوا حَكَمًا مِّنْ أَهْلِهِ وَحَكَمًا مِّنْ أَهْلِهَا إِن يُرِيدَا إِصْلَاحًا يُوَفِّقِ اللَّهُ بَيْنَهُمَا ۗ إِنَّ اللَّهَ كَانَ عَلِيمًا خَبِيرًا (النساء.٣٥)

➢ ഒന്നും ഫലപ്പെടാതെ വന്നാൽ ത്വലാഖ് അനുവദിക്കുന്നു. ഇവിടെ എല്ലാ സമുദായവും വിവാഹ മോചനത്തെ അംഗീകരിക്കുന്നുണ്ട്.വ്യവസ്ഥകളിൽ മാറ്റം ഉണ്ടെന്നേയുള്ളൂ. ഇസ്ലാം വീണ്ടും ഒരുമിക്കാൻ അവസരം നൽകിയിട്ടുണ്ട്. ഇദ്ദയിൽ മടക്കാം. എന്നാൽ മൂന്ന് ത്വലാഖ് ഒരുമിച്ച് ചൊല്ലിയാൽ അത് നടപ്പാകും. ഇനി മടക്കാൻ കഴിയില്ല എന്നാണ് നിയമം.

➢ മൂന്ന് ത്വലാഖ് മൂന്ന് ത്വലാഖായി നബി (സ്വ) നടപ്പാക്കുകയുണ്ടായി. ഉവൈമിറുൽ അജ്ലാനി(റ) എന്ന സ്വഹാബി 3 ത്വലാഖ് ചൊല്ലിയത് നബി(സ്വ) അംഗീകരിച്ചു.

عن ابن شهاب عن سهل قال : فطلقها ثلاث تطليقات عند رسول الله صلى الله عليه وسلم فأنفذه رسول الله صلى الله عليه وسلم (أبو داود)

➢ മൂന്നു ത്വലാഖ് ചൊല്ലിയാൽ മൂന്നും സംഭവിക്കും എന്നതിൽ ഉമർ(റ) ന്റെ കാലത്ത് സ്വഹാബത്ത് ഇജ്മാ ആയി. (ശർഹു മുസ്ലിം.1/478) ഇക്കാര്യത്തിൽ എല്ലാ മദ്ഹബും ഉലമാഉം യോജിച്ചിരിക്കുന്നു.

أطبقَ علَماء الأمة عَليه ( تحفة ٨/٨٤)

➢ ഇതിനെതിരെ ഇന്ന് വിവാദങ്ങൾ നടക്കുന്നു. ഇവരുടെ ലക്ഷ്യം ഏക സിവിൽകോഡ് നടപ്പിലാക്കലാണ്. യഥാർത്ഥത്തിൽ ഇസ്ലാം ത്വലാഖിന് പരിധി നിശ്ചയിക്കുകയാണ് ചെയ്തത്. ഇക്കാര്യത്തിൽ സൂക്ഷ്മത പുലർത്താൻ വേണ്ടിയാണിത്. ആരെങ്കിലും നിയമത്തെ തെറ്റായി ഉപയോഗിക്കുന്നുവെങ്കിൽ അത് വ്യക്തിയുടെ വീഴ്ചയാണ്. ശരീഅത്തിന്റെ വീഴ്ചയല്ല. ഉദാ. സ്ത്രീ പീഢനത്തിനെതിരെ രാജ്യത്ത് കടുത്ത നിയമമുണ്ട്. എന്നിട്ടും പീഢനങ്ങൾ അരങ്ങേറുന്നു. ഇത് നിയമത്തിന്റെയും രാജ്യത്തിന്റെയും കുറവല്ല.

➢ അല്ലാഹുവും റസൂലും അനുവദിച്ച മത കാര്യത്തിൽ കോടതിക്കും ഗവൺമെന്റിനും ഇടപെടാൻ അവകാശമില്ല. മത സ്വാതന്ത്ര്യത്തിന് എതിരാണത്.

➢ ഇതിൽ മാറ്റം വരുത്താനുള്ള ഗവ: ശ്രമം ശരീഅത്ത് തിരുത്താനുള്ള ആദ്യ നടപടിയാണ്

➢ ഇക്കാര്യത്തിൽ സമുദായം കൈകൊള്ളേണ്ട ചില സംഗതികളുണ്ട്.

1-തിന്മയോട് ശക്തമായി വയോചിക്കുക.

عَنْ أَبِي سَعِيدٍ الْخُدْرِيِّ قَالَ : سَمِعْتُ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَقُولُ : مَنْ رَأَى مِنْكُمْ مُنْكَرًا فَلْيُغَيِّرْهُ بِيَدِهِ ، فَإِنْ لَمْ يَسْتَطِعْ فَبِلِسَانِهِ ، فَإِنْ لَمْ يَسْتَطِعْ فَبِقَلْبِهِ ، وَذَلِكَ أَضْعَفُ الْإِيمَانِ . (مُسْلِمٌ)

2-മുസ്ലിം നേതൃത്വത്തിന്റെ നിലപാടുകൾക്കൊപ്പം നിൽക്കുക. അവരുടെ നിർദ്ദേശമില്ലാത്ത പ്രതികരണങ്ങൾക്ക് മുതിരരുത്. അച്ചടക്കം പാലിക്കുക. സോഷ്യൽ മീഡിയകളിലെ പ്രതികരണം സൂക്ഷിച്ചാകണം.

3-നമുക്കും തലമുറക്കും മുസ്ലിമായി ജീവിച്ച് മരിക്കാനുള്ള ഭാഗ്യത്തിനായി ദുഃആ ചെയ്തു കൊണ്ടിരിക്കുക.

**NB: ജുമുഅ പ്രഭാഷണ കുറിപ്പ് എല്ലാ ബുധനാഴ്ചകളിലും ലഭിക്കും (ഇ:അ)**